**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 711** **09-06-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ സുരക്ഷിതത്വം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ , ശ്രീ. കെ. പി. എ. മജീദ്, ശ്രീ. കുറുക്കോളി മൊയ്തീൻ, ശ്രീ എ കെ എം അഷ്‌റഫ് | | Shri Saji Cherian (മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സ്ഥിരമായി രൂക്ഷമായ കടലാക്രമണ ഭീഷണി നേരിടുന്ന മലബാർ മേഖലകളിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത സ്ഥലങ്ങളിലേയ്ക്ക് മാറ്റിപാർപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ; ഇല്ലെങ്കിൽ ആവിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നറിയിക്കുമോ ; | (എ) | തീരദേശ മേഖലയിൽ 50 മീറ്റർ വേലിയേറ്റ പരിധിക്കുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളെയും മാറ്റി പാർപ്പിക്കുന്നതിന് പുനർഗേഹം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) | ഈ പദ്ധതിക്ക് നിശ്ചയിച്ചിരിക്കുന്ന വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (ബി) | സുരക്ഷിത മേഖലയിലേക്ക് മാറി താമസിക്കാൻ തയ്യാറാകുന്ന ഗുണഭോക്താവിന് ഭൂമി വാങ്ങാനും, ഭവന നിർമ്മാണത്തിനും കൂടി പരമാവധി 10 ലക്ഷം രൂപയുടെ സഹായം ലഭ്യമാക്കുന്നതാണ്. സ്ഥലത്തിന്റെ വില രജിസ്ട്രേഷൻ ഫീ, സ്റ്റാമ്പ് ഡ്യൂട്ടി, എഴുത്ത് കൂലി, എന്നിവയുൾപ്പെടെ 6 ലക്ഷം രൂപയും ഭവന നിർമ്മാണത്തിനായി 4 ലക്ഷം രൂപയും അടക്കം പരമാവധി 10 ലക്ഷം രൂപ അനുവദിക്കുന്നതാണ്. എന്നിരുന്നാലും സ്ഥലം വാങ്ങലിനും, സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ്, എഴുത്തുകൂലി എന്നിവയ്ക്ക് 6 ലക്ഷം രൂപയിൽ കുറവാണ് ചെലവാകുന്നതെങ്കിൽ ബാക്കി തുക 4 ലക്ഷം രൂപയോട് ചേർത്ത് ഭവന നിർമ്മാണത്തിനായി ഉപയോഗിക്കാവുന്നതാണ്. അപേക്ഷകനോ പങ്കാളിക്കോ 50 മീറ്ററിനുള്ളിൽ അല്ലാതെ ഭൂമിയില്ലെന്ന് നോട്ടറി പബ്ലിക് സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം അപേക്ഷകൻ ഹാജരാക്കേണ്ടതാണ്. അപേക്ഷകൻ സ്വന്തമായി ഭൂമി കണ്ടെത്തുന്ന പക്ഷം കോർപ്പറേഷൻ മുനിസിപ്പാലിറ്റി പ്രദേശങ്ങളിൽ കുറഞ്ഞത് 2 സെന്റും പഞ്ചായത്ത് പ്രദേശങ്ങളിൽ 3 സെന്റും ഭൂമി കണ്ടെത്തേണ്ടതാണ്. ഇപ്രകാരം കണ്ടെത്തുന്ന ഭൂമി CRZ-ൽപ്പെടുന്നതാണെങ്കിൽ കെട്ടിട നിർമ്മാണത്തിന് അനുവദനീയമായ |

| | | | |
|---|---|---|---|
| | | | സ്ഥലത്തായിരിക്കണം. അപേക്ഷകൻ സർക്കാരിന്റെ മറ്റിതര പുനരധിവാസ പദ്ധതികളിൽ നിന്നും ഭൂമിയും വീടും ലഭിച്ചവരായിരിക്കരുത്. ഗുണഭോക്താക്കൾ നിലവിലുള്ള കെട്ടിടം സ്വന്തം നിലയിൽ പൊളിച്ചുമാറ്റേണ്ടതും വസ്തു പരിത്യജിക്കേണ്ടതുമാണ്. എന്നാൽ 5 സെന്റിന് മുകളിൽ ഭൂമിയുള്ള ഗുണഭോക്താക്കൾക്ക് നിബന്ധനകൾക്ക് വിധേയമായി ടി സ്ഥലം കൃഷിക്ക് ഉപയോഗിയ്ക്കാവുന്നതാണ്. ടി സ്ഥലത്ത് യാതൊരുവിധ നിർമ്മാണ പ്രവർത്തനങ്ങളും നടത്തുവാൻ അനുവദിക്കുന്നതല്ല. |
| (സി) | ഈ പദ്ധതിയിൽ സ്ഥലം വാങ്ങുന്നതിന് മാർക്കറ്റ് വില അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്തുമോ? | (സി) | നിലവിൽ ഭൂമി വില നിശ്ചയിച്ച് നൽകുന്നതിനായി സമീപപ്രദേശങ്ങളുടെ പ്രമാണം പരിശോധിക്കുകയും അതിൽ സമാന സ്വഭാവമുള്ള വസ്തുവിന്റെ വില ബേസിക്ക് വാല്യൂ ആയി കണക്കാക്കി സ്ഥലത്തിന്റെ ബേസിക്ക് വാല്യൂവിന്റെ നിശ്ചിത മൾട്ടിഫിക്കേഷൻ ഫാക്ടർ കൊണ്ട് ഗുണിച്ച് പരമാവധി സൊളേഷൻ കൂടി കൂട്ടി സ്റ്റാറ്റ്യൂട്ടറി വാല്യൂ കണ്ടെത്തി അങ്ങനെ കണക്കാക്കപ്പെടുന്ന സ്റ്റാറ്റ്യൂട്ടറി വിലയേക്കാൾ 100% വരെ വില നെഗോഷിയേറ്റ് ചെയ്തു നിശ്ചയിക്കുന്ന തുക 6 ലക്ഷം രൂപയിൽ അധികരിക്കാൻ പാടില്ല. ആയത് നിശ്ചയിച്ച് നൽകുന്നതിനുള്ള അധികാരം ജില്ലാ കളക്ടർ ചെയർമാനും ജില്ലാ ഫിഷറീസ് ഓഫീസർ കൺവീനറും ബന്ധപ്പെട്ട തഹസിൽദാർ, ഡെപ്യൂട്ടി കളക്ടർ (ലാൻഡ് അക്വിസിഷൻ) ഫിനാൻസ് ഓഫീസർ എന്നിവർ അംഗങ്ങളുമായ കമ്മിറ്റിക്കാണ്. |

സെക്ഷൻ ഓഫീസർ